## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.10** **04.02.2013- ലെ മറുപടിക്ക്**

### കേന്ദ്രബജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>,, ജെയിംസ് മാത്യു<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ബി. സത്യൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
| (എ)കേന്ദ്ര പൊതു ബജറ്റിൽ പരിഗണിക്കാനായി സംസ്ഥാന സർക്കാർ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി; വിശദമാക്കാമോ; നൽകിയ നിവേദനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി)സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കാനായി, കേന്ദ്രധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായോ; ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി)2013-14 കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങൾ ആരായുന്നതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ കേരള ധനകാര്യ മന്ത്രി ശ്രീ. കെ.എം.മാണി പങ്കെടുത്തിരുന്നു . പ്രസ്തുത യോഗത്തിൽ ധനകാര്യ മന്ത്രി മുഖ്യമായും താഴെപ്പറയുന്ന ആവശ്യങ്ങൾ കേന്ദ്രമന്ത്രി മുമ്പാകെ വയ്ക്കുകയുണ്ടായി.<br><br>1. പ്ലാന്റേഷൻ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി, പ്ലാന്റേഷൻ ഉല്പന്നങ്ങൾക്ക് കയറ്റുമതി ആനുകൂല്യങ്ങൾ നല്കുക.<br><br>2. ഇറക്കുമതി ചെയ്യുന്ന പാമോയിലിന് ഉയർന്ന നിരക്കിൽ ചുങ്കം ചുമത്തുക. |

3. വെളിച്ചെണ്ണ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് സബ്സിഡി നല്കുക.

4. കേരളത്തിന്റെ Capital expenditure വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ബജറ്റിൽ ആവശ്യമായ പദ്ധതികൾ ഉൾക്കൊളളിക്കുക. നൽകുക. കൽക്കരി അധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് സഹായം നൽകുക.

6. ഇടുക്കി, വയനാട് ജില്ലകൾക്കായി പ്രത്യേക കൃഷി പാക്കേജ് അനുവദിക്കുക.

7.Goods and Service tax ഏർപ്പെടുത്തുക.

8. ടൂറിസം മേഖലയെ Service tax ൽ നിന്നും ഒഴിവാക്കുക.

9. കേരളത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും അന്താരാഷ്ട്ര ആയുർവേദ ഗവേഷണകേന്ദ്രവും Indian Institute of Technology യും ആരംഭിക്കുക.

10. Centrally Sponsored Scheme സംബന്ധിച്ച് ചതുർവേദി കമ്മറ്റി ശുപാർശകൾ നടപ്പിലാക്കുക

(സി) മുൻ ബജറ്റുകളിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇപ്പോഴും നടപ്പിലാക്കാൻ ബാക്കി നിൽപ്പുണ്ട്; വിശദമാക്കാമോ?

(സി) വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻഓഫീസർ.**